പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2181          04.11.2019-ൽ മറുപടിയ്ക്ക്

**ഫാർമസി വ്യവസായരംഗം ശക്തമാക്കാൻ നടപടി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.മോൻസ് ജോസഫ്<br>,, റോഷി അഗസ്റ്റിൻ<br>,, സി.എഫ്.തോമസ്<br>ഡോ.എൻ. ജയരാജ്** | | **ശ്രീമതി. കെ.കെ.ശൈലജടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ-ശിശു വികസനവും വകുപ്പ് മന്ത്രി)** | |
| (എ) | ഫാർമസി കോളേജുകളിൽ പി.ജി. കോഴ്സ് ആരംഭിക്കുന്നതിന്റെ ഭാഗമായി ഫാർമസ്യൂട്ടിക്കൽ അനാലിസിസ് കോഴ്സ് നിർത്തലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഫാർമസ്യൂട്ടിക്കൽ അനാലിസിസ് പി.ജി. കോഴ്സ് നിർത്തലാക്കാൻ ഉദ്ദേശിക്കുന്നില്ല. |
| (ബി) | ഡ്രഗ് ടെസ്റ്റിംഗ് ലാബ് ആരംഭിക്കുവാൻ നടപടി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയാണ് ആയത് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (ബി) | നിലവിൽ തിരുവനന്തപുരത്തും എറണാകുളത്തും സംസ്ഥാന സർക്കാരിന്റെ മരുന്ന് പരിശോധന ലബോറട്ടറികൾ പൂർണതോതിൽ പ്രവർത്തിച്ച് വരുന്നുണ്ട്. 01/06/2019 മുതൽ തൃശ്ശൂർ മെഡിക്കൽ കോളേജ് ക്യാമ്പസിൽ പുതിയതായി ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br>കണ്ണൂർ ജില്ലയിൽ കണ്ണൂർ താലൂക്കിൽ പഴശ്ശി പ്രോജക്റ്റിന്റെ ഉടമസ്ഥതയിലുള്ള 34 സെന്റ് സ്ഥലം ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി ആരംഭിക്കുന്നതിനായി ഡ്രഗ്സ് കൺട്രോൾ വകുപ്പിന് കൈമാറുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. ഈ സ്ഥലം ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഏറ്റെടുക്കുന്നതിന്റെ പ്രാരംഭഘട്ടത്തിലാണ്.<br>പത്തനംതിട്ട ജില്ലയിൽ കോന്നിയിൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി |

| | | | |
|---|---|---|---|
| | | | തുടങ്ങുന്നതിന് ഡ്രഗ്സ് കൺട്രോൾ വകുപ്പിന് സ്ഥലം അനുവദിച്ച് കിട്ടിയിട്ടുണ്ട്. കെട്ടിട നിർമ്മാണം സംബന്ധിച്ചുള്ള തുടർ നടപടികൾ പൊതുമരാമത്ത് വകുപ്പിന്റെ പരിഗണനയിലാണ്. |
| (സി) | ഫാർമസി വ്യവസായരംഗത്തെ ഗുണനിലവാര പരിശോധന ശക്തമാക്കാൻ നടപടി സ്വീകരിക്കുമോ; ആയതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദീകരിക്കുമോ? | (സി) | 2014 വരെ സംസ്ഥാനത്ത് ഒരു ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി മാത്രമാണ് ഉണ്ടായിരുന്നത്. 2014-2019-ന് ഇടയിൽ എറണാകുളത്തും തൃശ്ശൂരും ഒരോ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികൾകൂടെ പ്രവർത്തനസജ്ജമായതോടെ വിപണിയിൽ നിന്ന് കൂടുതൽ മരുന്നുകൾ ശേഖരിച്ച് ഗുണപരിശോധന നടത്തുവാൻ സാധ്യമായിട്ടുണ്ട്. നിരന്തരമായി സ്ഥാപന പരിശോധനകളിലൂടെ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്റ്റിൽ പ്രതിപാദിക്കുന്ന Misbranded, Adulterated, Spurious എന്നീ മരുന്നുകൾ ഒന്നും തന്നെ വിപണിയിൽ എത്തുന്നില്ലായെന്ന് ഉറപ്പ് വരുത്തുന്നുണ്ട്. ഇത്തരം മരുന്നുകൾ കണ്ടെത്തിയാൽ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്റ്റ് പ്രകാരം നടപടികൾ സ്വീകരിക്കുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ